പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6251 — 10.7.2012 ൽ മറുപടിയ്ക്ക്

## സ്കിൽ ട്രെയിനിംഗ് & പ്ലെയ്സ്മെന്റ്

ചോദ്യം — മറുപടി

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.വി.ഡി.സതീശൻ
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സ്കിൽ ട്രെയിനിംഗ് ആന്റ് പ്ലേസ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) കേരള സാമൂഹ്യ സുരക്ഷാ മിഷനിലൂടെ ഉദ്ദേശിച്ചിട്ടുള്ള സ്കിൽ ട്രെയിനിംഗ് ആന്റ് പ്ലേസ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു. ശാരീരിക വൈകല്യങ്ങൾ ബാധിച്ചവർക്കും വയോജനങ്ങൾക്കും അവരുടെ ആരോഗ്യ നിലവാരം പരിഗണിച്ചു കൊണ്ടു തന്നെ സ്വന്തമായി ചെയ്യാൻ കഴിയുന്ന ചെറിയ തൊഴിലുകൾ പരിശീലിപ്പിക്കുകയും അതുവഴി സ്വന്തമായി ഒരു ചെറിയ സമ്പാദ്യം ഉണ്ടാക്കുന്നതിനുപരിയായി മാനസികമായും ശാരീരികമായും സന്തോഷം കൈവരിക്കുന്ന തരത്തിൽ സമയം ചെലവഴിക്കുന്നതിന് പ്രേരിപ്പിക്കുന്നതിനും സാങ്കേതികമായ കഴിവുകൾ വളർത്തിയെടുക്കുന്നതിനും സ്കിൽ ട്രെയിനിംഗ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യക്ഷേമ വകുപ്പിൽ നടപ്പിലാക്കി വരുന്ന പദ്ധതി പ്രകാരം, തൊഴിൽ രഹിതരായ വനിതകൾക്ക് തൊഴിൽ പരിശീലനം ഫിനിഷിംഗ് സ്കൂളുകൾ മുഖാന്തിരം നൽകുകയും, വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് തൊഴിൽ പരിശീലനം നൽകി വരികയും ചെയ്യുന്നു. |
| (ബി) പ്രസ്തുത പദ്ധതി വഴി എത്ര ഗുണഭോക്താക്കളെ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) വയോജനങ്ങൾക്കായി 30 സ്വയം സഹായ യൂണിറ്റുകൾ ആരംഭിക്കുന്നതിനും അതിലൂടെ 300 വയോജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും കൂടാതെ താൽപര്യമുള്ള വയോജനങ്ങളെ കണ്ടെത്തി വോളന്ററി സർവ്വീസ് പദ്ധതി ആരംഭിക്കുന്നതിനുമായി സാമൂഹ്യ |

| | |
|---|---|
| | സുരക്ഷാമിഷന്റെ ശുപാർശയിൽ വിഭാവനം ചെയ്യുന്നു. കൂടാതെ ചെങ്ങറ പുനരധിവാസ കേന്ദ്രത്തിലെ അന്തേവാസികൾക്ക് പ്രയോജനമാകും വിധം ഒരു സ്വയം സഹായ യൂണിറ്റ് ആരംഭിച്ച് ട്രെയിനിംഗും സാമ്പത്തിക സഹായവും നൽകുന്ന ഒരു പദ്ധതിയും മിഷന്റെ ശുപാർശയിൽ ഉണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് വഴിയുള്ള പദ്ധതി പ്രകാരം ഇതുവരെ 912 ഗുണഭോക്താക്കളുണ്ട്. |
| (സി) പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) കേരള സാമൂഹ്യ സുരക്ഷാമിഷൻ താഴെപ്പറയുന്ന ഏജൻസികളുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.<br>1. തദ്ദേശസ്വയംഭരണ വകുപ്പ്<br>2. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വിവിധ ജില്ലകളിലെ വയോമിത്രം ആഫീസുകൾ<br>3. ഗവ.പോളിടെക്നിക്കുകൾ<br>4. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്<br>5. ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ, ചെങ്ങറ<br>6. മൃഗ സംരക്ഷണ വകുപ്പ്<br>7. സ്വയം തൊഴിൽ സഹായ സംരംഭങ്ങൾ.<br>സാമൂഹ്യക്ഷേമ വകുപ്പ്, സി-സ്റ്റെഡ്, വനിതാ വികസന കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ